"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീമതി. കെ. ശ്രീദേവി സംസ്ഥാന ആഡിറ്റ് വിഭാഗത്തിന്റെ പരാമർശത്തിനെതിരെ സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1606/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/09/2020

---

പരാമർശം:- 1 ശ്രീമതി. കെ. ശ്രീദേവി സമർപ്പിച്ച അപ്പീൽ അപേക്ഷ

2 പഞ്ചായത്ത് ഡയറക്ടറുടെ 21.02.2017 തീയതിയിലെ ഇ10- 40977/16 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ആയി വിരമിച്ച ശ്രീമതി. കെ. ശ്രീദേവി 03.01.1987 ൽ പാർട്ട്ടൈം സ്വീപ്പറായി ജോലിയിൽ പ്രവേശിക്കുകയും 02.08.1995 ൽ ടിയാൾക്ക് ഫുൾടൈം സ്വീപ്പറായും 07.06.2006 മുതൽ പ്യൂൺ ആയും പ്രൊമോഷൻ ലഭിക്കുകയുമുണ്ടായി. ഫുൾടൈം സ്വീപ്പർ തസ്തികയിൽ നിന്നും പ്യൂൺ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ചപ്പോൾ ശമ്പള സ്കെയിലുകൾ ഒന്നായതിനാൽ ഫിക്സേഷൻ ആനുകൂല്യം ലഭിക്കാതിരിക്കുകയും തുടർന്ന് 2 തസ്തികയിലും ഒരേ ശമ്പള സ്കെയിലിൽ തുടരുന്നതിനാൽ 01.08.2006 പ്രാബല്യത്തിൽ ഫുൾടൈം തസ്തികയിലെ 8 വർഷത്തെ ഹയർഗ്രേഡ് അനുവദിക്കുകയും ആയതിൻപ്രകാരം തുടർന്നുള്ള 4 വർഷങ്ങളിൽ ആഗസ്റ്റ് മാസം ഇൻക്രിമെന്റ് അനുവദിക്കുകയും എന്നാൽ ടിയാളുടെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് കൂടി പരിഗണിച്ച് പ്യൂൺ തസ്തികയിൽ നൽകിയിട്ടുള്ള ഇൻക്രിമെന്റും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ശമ്പള പരിഷ്കരണ ആനുകൂല്യങ്ങളും ക്രമവിരുദ്ധമാണെന്ന് സംസ്ഥാന ഓഡിറ്റ് വിഭാഗം തടസ്സവാദമുന്നയിക്കുകയും 01.08.2007 മുതൽ അധികമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തതായും ആയതിനെതിരെയും ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച തടസ്സവാദം പ്രകാരമുള്ള തുക തിരിച്ചടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി തരണമെന്നും അഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം ശ്രീമതി. ശ്രീദേവി സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സർവീസിലെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാർ ലാസ്റ്റ് ഗ്രേഡ് സർവീസിലേക്ക് ആഗിരണം ചെയ്യപ്പെട്ടുവെങ്കിലും പഞ്ചായത്ത് ജീവനക്കാരിൽ കണ്ടിജന്റ് വിഭാഗം തുടർന്ന് വരുന്നു. ശ്രീമതി. കെ. ശ്രീദേവിയ്ക്ക് കണ്ടിജന്റ് സർവീസ് കണക്കിലെടുത്ത് റഗുലർ തസ്തികയിൽ ഇൻക്രിമെന്റ് അനുവദിച്ചതിനെതിരെ 05.06.99 ലെ സർക്കാർ കത്ത് 45784/H3/98/LAD ലെ നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഓഡിറ്റ് വകുപ്പ് തടസ്സവാദം ഉന്നയിച്ചിരിക്കുന്നത്. കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവീസ് റൂൾസ് പ്രകാരം കണ്ടിജന്റ് വിഭാഗത്തിൽ നിന്നും തസ്തികമാറ്റ സ്ഥാനക്കയറ്റം മുഖേന പ്യൂൺ തസ്തികയിൽ നിയമനം സാദ്ധ്യമാണ്. എന്നാൽ സബോർഡിനേറ്റ് സർവീസ് റൂളിലെ ചട്ടം 1 ( 2 ) പ്രകാരം കണ്ടിജന്റ് സർവീസ് ഒഴികെയുള്ളവരെയാണ് സബോർഡിനേറ്റ് സർവീസിന്റെ പരിധിയിൽ കൊണ്ട് വന്നിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളിലെ പാർട് ടൈം/ഫുൾ ടൈം ജീവനക്കാർ കണ്ടിജന്റ് സർവീസ്

വിഭാഗത്തിൽപ്പെട്ടവരാണ്. പ്രസ്തുത ജീവനക്കാരെ റഗുലർ എസ്റ്റാബ്ലിഷ്മെന്റിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവീസ് റൂൾസ് പ്രകാരം കണ്ടിജന്റ് വിഭാഗത്തിൽ നിന്നും തസ്തികമാറ്റ സ്ഥാനക്കയറ്റം മുഖേന പൂൺ തസ്തികയിൽ നിയമനം സാദ്ധ്യമായതിനാൽ കണ്ടിജന്റ് സർവീസിൽ നിന്ന് റഗുലർ സർവീസിലേയ്ക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് ശമ്പളസംരക്ഷണം അനുവദനീയമാണെങ്കിലും, രണ്ട് വ്യത്യസ്ത സർവീസായതിനാൽ മുൻകാല കണ്ടിജന്റ് സർവീസ് പരിഗണിച്ച് ഇൻക്രിമെന്റ് അനുവദിക്കുവാനാവില്ല.

ശ്രീമതി. ശ്രീദേവി കണ്ടിജന്റ് തസ്തികയിൽ 4300-5930 ശമ്പള സ്കെയിലിൽ 5790 രൂപ അടിസ്ഥാന ശമ്പളം, വാങ്ങി വരവെ ആണ് 07.06.2006 ൽ പഞ്ചായത്ത് സർവീസിൽ പൂൺ തസ്തികയിൽ 4300-5930 ശമ്പള സ്കെയിലിൽ തസ്തികമാറ്റം മുഖേന നിയമിതയായത്. തസ്തികമാറ്റം മുഖേനയുള്ള നിയമനമായതിനാൽ 07.06.2006 ൽ ടിയാളുടെ അടിസ്ഥാന ശമ്പളം 5790 രൂപയിൽ നിർണ്ണയിച്ചത് ക്രമമാണ്. എന്നാൽ കണ്ടിജൻസി സർവീസ് പരിഗണിച്ച് പഞ്ചായത്ത് സർവീസിൽ ഇൻക്രിമെന്റ് നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ പഞ്ചായത്ത് സർവീസിലെ പൂൺ തസ്തികയിലെ ആദ്യത്തെ ഇൻക്രിമെന്റിന് ഒരു വർഷ സേവനം പൂർത്തിയാകുന്ന മുറയ്ക്ക് 01.06.2007 ൽ മാത്രമാണ് അർഹത കൈവരുന്നത്. ആയതിനാൽ ശ്രീമതി. കെ. ശ്രീദേവിയ്ക്ക് ഫുൾ ടൈം സ്വീപ്പർ തസ്തികയിലെ സേവനം കൂടി കണക്കിലെടുത്ത് പൂൺ തസ്തികയിൽ 01.08.2006 ൽ ഇൻക്രിമെന്റ് അനുവദിച്ച നടപടിയെ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരിക്കുന്നത് ക്രമപ്രകാരമാണ്.

8.8.2008 ലെ 46/2008/ധന നമ്പർ സർക്കുലറിലെ ഖണ്ഡിക 19 ൽ ഉൾപ്പെടുത്തിയിട്ടുള്ള 21.6.1980 ലെ GO(P) 399/80/(206)/ധന നമ്പർ ഉത്തരവിൽ ചുവടെ പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

" In the case of last grade employees, their full time service in the various catagories of Last Grade Service (both in regular and full time contingency service) will be reckoned as qualifying service in the last grade post for granting TBHG ".

ആയതിനാൽ ഫുൾ ടൈം കണ്ടിജന്റ് തസ്തികയിലെ സേവന കാലയളവ് കൂടി പരിഗണിച്ച് പൂൺ തസ്തികയിൽ ഗ്രേഡ് അനുവദിച്ചിരിക്കുന്നത് ക്രമപ്രകാരമാണ്.

മേൽ സാഹചര്യത്തിൽ സംസ്ഥാന ഓഡിറ്റ് വിഭാഗം ഉന്നയിച്ച തടസ്സവാദത്തിനെതിരെയും ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച പ്രകാരമുള്ള തുക തിരിച്ചടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി തരണമെന്നുമുള്ള ശ്രീമതി. കെ. ശ്രീദേവിയുടെ പരാമർ ശം ( 1 ) അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

ശ്രീമതി. കെ. ശ്രീദേവി, ഓഫീസ് അറ്റൻഡന്റ്(റിട്ടയേർഡ്), പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല. (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ശ്രീമതി. കെ. ശ്രീദേവിയുടെ സേവന പുസ്തകം സഹിതം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല

സെക്രട്ടറി, പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല. (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(നം. DEV-1/332/2018/FIN. തീയതി 06.04.2020പ്രകാരം).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/75/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ